പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2219 11.06.2018- ൽ മറുപടിയ്ക്ക്

# മുതിർന്ന പൗരന്മാരുടെ സംരക്ഷണം

ചോദ്യം

ശ്രീ. പി.ടി.എ.റഹിം

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വത്തുക്കൾ കൈവശപ്പെടുത്തിയ ശേഷം മുതിർന്ന പൗരന്മാരെ സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സ്വത്തുക്കൾ കൈവശപ്പെടുത്തിയ ശേഷം രക്ഷിതാക്കളെ സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാനത്ത് റവന്യൂ ഡിവിഷണൽ ഓഫീസർ അദ്ധ്യക്ഷനായുള്ള 'മെയിന്റനൻസ് ട്രൈബ്യൂണലുകൾ' രൂപീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ പരാതികളുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണ, വിചാരണ നടപടികൾ പൂർത്തിയാക്കി അർഹരായ മുതിർന്ന പൗരന്മാർക്ക് മക്കളിൽ നിന്ന് സംരക്ഷണവും സംരക്ഷണ ചിലവും Maintenance and Welfare of Parents and senior Citizens Act പ്രകാരം, മെയിന്റനൻസ് ഓഫീസർ മുഖേന ഉറപ്പാക്കുന്നു. പരമാവധി 10,000/- രൂപ വരെ സംരക്ഷണ ചിലവായി എതിർ കക്ഷികളിൽ നിന്നും ഈടാക്കാൻ പ്രസ്തുത നിയമം അനുവദിയ്ക്കുന്നു. |
| (ബി) | ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ എണ്ണത്തിൽ വർദ്ധനവ് വന്ന | (ബി) | ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി, 2007-ലെ |

| | | | |
|---|---|---|---|
| | സാഹചര്യത്തിൽ ഇവരുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | | വയോജന സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച് പാസ്സാക്കിയ 2009-ലെ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസരണമായി പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഉള്ള വൃദ്ധജനങ്ങളുടെ ലിസ്റ്റ് - പ്രത്യേകിച്ചും ഒറ്റയ്ക്ക് താമസിയ്ക്കുന്നവരുടെ - തയ്യാറാക്കി സൂക്ഷിയ്ക്കാനും മാസത്തിൽ ഒരു തവണയെങ്കിലും വൃദ്ധജനങ്ങളെ നേരിൽ സന്ദർശിച്ച് അവരുടെ പരാതികൾ കേൾക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഓരോ പോലീസ് സ്റ്റേഷനുകളിലും ഓരോ വോളന്റിയർ കമ്മറ്റി രൂപീകരിയ്ക്കുന്നതിനും പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**